# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 27** **October 2013** **No.7**


# എഡിറ്റോറിയൽ

ദൈവഭക്തിയുടെ പേരിൽ വർഗീയത വെച്ചുപുലർത്തുന്നത് തികച്ചും തെറ്റായ പ്രവണതയാണ്. യഥാർത്ഥ ദൈവവുമായുള്ള ബന്ധം മനുഷ്യരെ തമ്മിൽ അകറ്റുകയില്ല എന്നോർക്കുക. അന്യോന്യമുള്ള ബന്ധം സൂക്ഷിക്കുവാൻ കഴിയാത്ത മതമോ സമുദായമോ ആർക്കും ഒരു ഗുണവും ചെയ്യുകയില്ല. ദൈവത്തോടുള്ള ബന്ധം ശരിയായി സൂക്ഷിക്കുന്ന ഏതൊരു വ്യക്തിയും തന്റെ ജീവിതം മറ്റുള്ളവർക്ക് പ്രയോജനപ്രദമാക്കും. എല്ലാ കാര്യങ്ങളിലും ശരിയും തെറ്റും ഇടകലർന്നു കിടക്കുന്ന ഭൂമിയിൽ ശരിയായത് തിരഞ്ഞെടുക്കുവാൻ എല്ലാവർക്കും കഴിയണം. എല്ലാ മതങ്ങൾക്കും അവരവരുടെ ഗ്രന്ഥങ്ങളുണ്ട്. അവ താരതമ്യം ചെയ്തു പഠിക്കുകയും ശരിയും തെറ്റും അങ്ങനെ നമുക്ക് കാര്യകാരണസഹിതം വിവേചിക്കുവാനും കഴിയും. പക്ഷെ പലപ്പോഴും ആളുകൾ മതഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനു പകരം അതു കൈകാര്യം ചെയ്യുന്നവരെ ആശ്രയിക്കും. അവർ പറയുന്നതിനെ അന്ധമായി വിശ്വസിക്കുകയും പിൻപറ്റുകയും ചെയ്യും.

ദൈവത്തിന്റെ അരുളപ്പാടും മനുഷ്യരുടെ കൽപനകളും തമ്മിൽ നമുക്ക് എങ്ങനെ വ്യത്യാസം തിരിച്ചറിയാം? തിരുവെഴുത്തുകൾ ആധികാരികമായി തെളിയിക്കപ്പെട്ടതാണ്. ഏതൊരു എഴുത്തും വൈപരീത്യമില്ലാത്തതും, ശാസ്ത്രീയമായും പ്രവചനപരമായും തെളിയിക്കപ്പെട്ടതുമാണോ എന്നു നാം പരിശോധിക്കണം. അമാനുഷമായി രചിച്ചതിന് ഈ തെളിവുകൾ ഉണ്ടെങ്കിൽ വിശ്വസിക്കാം. വെറും പൊള്ളയായ വാഗ്ദാനങ്ങളോ, ആധികാരികത ഇല്ലാത്തതോ ആയ കാര്യങ്ങൾക്ക് അടിസ്ഥാനപരമായ നിലനിൽപ് ഇല്ല എന്നതാണ് സത്യം. ഭൗതികമായ കാര്യങ്ങൾ

നാം സുസൂക്ഷ്മം പരിശോധിക്കും. പക്ഷെ ആത്മിയമായ കാര്യങ്ങളിൽ പലപ്പോഴും അങ്ങനെ സംഭവിക്കുന്നില്ല എന്നതാണ് ഖേദകരം. ഈ ലോക ജീവിതത്തിൽ മനുഷ്യന്റെ അവസ്ഥ എന്ത്? നമ്മുടെ ജീവിതം എപ്പോഴാണ് അർത്ഥവത്താകുന്നത്? മനുഷ്യന്റെ ജീവന്റെ ഉത്ഭവവും അതിന്റെ അന്തിമമായ സ്ഥാനവും നാം അറിഞ്ഞിരിക്കണം.

ധാരാളം ഊഹാപോഹങ്ങൾ നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ടാണ് നാം ഓരോ ദിവസവും എവിടെനിന്ന് എവിടേക്കാണ് ചലിക്കുന്നത് എന്നു തിരിച്ചറിയണം. ഭൗതികലാഭം പ്രതീക്ഷിച്ച് ജീവിക്കുന്ന ഏതൊരാളും ആത്മിയമായ ജീവിതത്തെ പിന്നിലേക്ക് മാറ്റി നിർത്തും. ആത്മിയമായ ജീവിതത്തിനു പ്രാധാന്യം കൊടുക്കുന്ന ഏതാരൊളും ഭൗതികസുഖസൗകര്യങ്ങൾ ത്യജിക്കും. ശാരീരിക സുഖം താൽക്കാലികമാണ്. എന്നാൽ ആത്മിയമായി ജീവിക്കുമ്പോൾ അനുഭവപ്പെടുന്ന കഷ്ടങ്ങൾ താൽക്കാലികമാണ്. സ്വർഗീയമായ അനുഗ്രഹങ്ങൾക്കായി നാം എല്ലാം സഹിക്കണം എന്ന മാതൃകയാണ് നമുക്കു സ്വീകാര്യമായത്. കാരണം ലോകത്തുള്ള നമ്മുടെ ജീവിതത്തിനു നിത്യമായ ഒരു ഉദ്ദേശമുണ്ട്. അദൃശ്യനായ ദൈവത്തിൽനിന്നു നമുക്ക് ലഭിച്ചിരിക്കുന്ന ആത്മാവ് ശരീരം ക്ഷയിച്ചാലും ഇല്ലാതാകുന്നില്ല.

സ്ത്രീയായാലും പുരുഷനായാലും നമ്മുടെ ഉള്ളിലെ ആന്തരികമായ ഒരു വ്യക്തിത്വം ദൈവികസ്വഭാവത്തിൽ വളർത്തിയെടുക്കണം. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചാണല്ലൊ മിക്ക മനുഷ്യരും ജീവിക്കുന്നത്. അത് ഉപേക്ഷിക്കുവാൻ കഴിയാത്തതിനാൽ പലപ്പോഴും മനുഷ്യർ തമ്മിൽ ശണ്ഠയും കലഹവും ഉണ്ടാകുന്നു. ഇത് വാസ്തവത്തിൽ നമ്മുടെ സ്വൈര്യജീവിതത്തിൽ ക്ലേശം ഉണ്ടാക്കുന്നു. സന്തോഷവും സമാധാനവും നമുക്ക് എല്ലാവർക്കും അനിവാര്യമാണ്. അത് നഷ്ടപ്പെടാതിരിപ്പാൻ നമ്മുടെ ദൈനന്തിനജീവിതത്തിൽ നാം തന്നെ ശ്രദ്ധിക്കണം. യഥാർത്ഥത്തിലുള്ള ദൈവഭക്തി നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ് എന്നോർക്കുക. ദൈവത്തിന്റെ സ്നേഹവും നീതിയും അവന്റെ കൽപനകളിൽ നമുക്ക് ദർശിക്കാം.

മനുഷ്യർക്ക് നന്മ ചെയ്യുവാനായി നമുക്ക് കഴിയുന്നില്ലെങ്കിൽ നമ്മുടെ പ്രവൃത്തികൾ വെറുതെയാണ്. അന്യോന്യം നമ്മുടെ കൂട്ടുകാരെയും അയൽക്കാരെയും സ്നേഹിക്കുവാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ മതപരമായ ജീവിതം നിഷ്ഫലമായിരിക്കുമെന്നോർക്കുക.

# മോശമായ ഭാഷ

## *J.C.* ചോട്ട്

ഒരു ക്രിസ്ത്യാനി തന്റെ പഴയ സ്വഭാവത്തെ മാറ്റി പുതിയ സ്വഭാവത്തിലേക്ക് തിരിയുന്നതിനെ കുറിച്ചാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ലക്കത്തിൽ നാം കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും പാപമാണ് എന്ന് മനസിലാക്കി. ഈ ലക്കത്തിൽ നാം ചിന്തിക്കുന്നത് മോശമായ സംഭാഷണം നടത്തുന്നതിനെ കുറിച്ചാണ്. ചിലർ ഭാഷ ഉപയോഗിക്കുന്നത് ശരിയായ ഉദ്ദേശത്തിലായിരിക്കുകയില്ല. പക്ഷെ ക്രിസ്തുവിലായ ഒരാൾ തന്റെ വായിൽ നിന്നു പുറപ്പെടുന്ന വാക്കുകൾ ആലോചിച്ചുവേണം പുറത്തേക്ക് വിടുവാൻ. ആശയവിനിമയം നടത്തുവാൻ തന്നിരിക്കുന്ന നാവ് ഉപയോഗപ്രദമാണ്. പക്ഷെ അത് ഉപയോഗിക്കുന്ന വ്യക്തികളാണ് നിയന്ത്രിച്ച് ഉപയോഗിക്കേണ്ടത്. മറ്റുള്ള ആളുകളുമായി താരതമ്മ്യം ചെയ്യുമ്പോൾ നാം അത്ര മോശക്കാരാണെന്ന് നമുക്ക് തോന്നുകയില്ല. പക്ഷെ നാം താരത്യം ചെയ്യുന്നത് യേശുക്രിസ്തുവുമായിട്ടാണെങ്കിലോ, അപ്പോഴാണ് നമുക്ക് യഥാർത്ഥ തിരിച്ചറിവുണ്ടാകുന്നത്.

ഒരർത്ഥത്തിൽ നാം എല്ലാവരും മോശക്കാരും എല്ലാവരും പാപികളുമാണ്. അതായത് ക്രിസ്തുവിനെ കൂടാതെ നാം എല്ലാവരും നഷ്ടപ്പെട്ടവരാണ്. എന്നാൽ ക്രിസ്തു മുഖാന്തരം നമുക്ക് പാപമോചനവും ശ്രേഷഠമായ ഒരു ജീവിതവും വാഗ്ദാനം ചെയ്തിരിക്കുകയാണ്. ഇപ്പോൾ മോശമായ ഭാഷ എന്നു പറഞ്ഞിരിക്കുന്നത് എന്താണെന്ന് നമുക്ക് പരിശോധിക്കാം. നമ്മുടെ മാതൃഭാഷയിൽ നാം ആശയവിനിമയം ചെയ്ത് നമ്മുടെ ചിന്തകളെ മറ്റുള്ളവരിൽ എത്തിക്കുകയാണ്. അങ്ങനെ നാം സംസാരിക്കുമ്പോൾ നല്ല വാക്കുകളും മോശമായ വാക്കുകളും ഉപയോഗിച്ചേക്കാം. സാധാരണ നടത്തുന്ന സംഭാഷണവും ദൈവനാമത്തെ അല്ലെങ്കിൽ ക്രിസ്തുവിന്റെ നാമത്തെ എടുത്ത് പറയുമ്പോൾ മോശമായ പദപ്രയോഗം ആവശ്യമില്ലല്ലൊ. നാം ശീലിച്ചുവന്നതായ ശൈലി ഭാഷയിൽ കടന്നുകൂടും എന്നത് സത്യമാണ്. മോശമായ പല സ്വഭാവ രീതികളും നമ്മിൽ കടന്നു വരുന്നതാണ്. നാം അതിനു അവസരം കൊടുക്കു

ന്നു എന്നതാണ് ശരി. മോശമായ വാക്കുകൾ, ശാപവാക്കുകൾ നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിക്കാതെ നോക്കണം. അതു നാം സ്വായത്തമാക്കാതെ നല്ല വാക്കുകൾ അഥവാ ഉപകാരപ്രദമായ വാക്കുകൾ മാത്രം നമ്മിൽനിന്നു പുറത്തുവരുവാൻ നാം തന്നെ ശ്രദ്ധിക്കണം.

നമുക്ക് അറിയാത്തതോ പരിചയമില്ലാത്തതോ ആയ വാക്കുകൾ ഉപയോഗിക്കുന്നത് ശ്രദ്ധിക്കുക. മറ്റുള്ളവർക്ക് മനസിലാകുന്നതും ഉത്തേജനപ്രദവുമായ സംസാരം നമ്മിൽ നിന്നു മറ്റുള്ളവരിലേക്ക് എത്തുവാൻ നാം പരിശീലിക്കണം. ഒരു ദൈവ പൈതൽ എപ്പോഴും പഠിക്കുന്നവനായിരിക്കണം. ബൈബിളിൽ ഇതിനെ കുറിച്ച് ധാരാളം വേദഭാഗങ്ങൾ നമ്മുടെ ബുദ്ധിയുപദേശത്തിനായി വെളിപ്പെടുത്തിയിരിക്കുന്നു. "നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല"(പുറപ്പാട് 20:7). പഴയനിയമകാലത്ത് നൽകിയ പത്ത് കൽപനകൾ ഇന്നു നിയമമായി നമ്മെ ബാധിക്കുന്നില്ലെങ്കിലും, ഈ കാലത്തും നാം ദൈവനാമത്തെ വൃഥാ എടുക്കാവുന്നതല്ല. കർത്താവിന്റെ നാമം വിശുദ്ധമാണ്, അതിനെ നാം ആദരിക്കണം. യേശു പ്രാർത്ഥിക്കുവാൻ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുമാറാകട്ടെ" എന്നതു ഉൾപ്പെടുത്തിയിരുന്നു.

നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ, ശപിക്കാതെ അനുഗ്രഹിപ്പിൻ(റോമർ 12:14). നിങ്ങളുടെ വാക്കുകൾ കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതുമായിരിപ്പാൻ സൂക്ഷിക്കുക. ഒരു വാക്ക് നമ്മുടെ വായിൽനിന്നു പുറത്തുകടന്നാൽ പിന്നെ നമുക്ക് തിരിച്ചെടുക്കാവുന്നതല്ല. അതുകൊണ്ടാണ് ഏതൊരു മനുഷ്യനും പറവാൻ സമയമെടുത്ത് ആലോചിക്കുക. അല്ലെങ്കിൽ നമുക്ക് പിന്നീട് ഖേദിക്കേണ്ടി വരുമെന്നോർക്കുക. കേൾക്കുന്നവർക്ക് കൃപ ലഭിക്കുന്ന വിധത്തിൽ സംസാരിക്കുന്നതിനാണ് നാം ശീലിക്കേണ്ടത്. ആളുകൾ കേൾക്കുവാൻ ആഗ്രഹിക്കുന്നതും അത്തരം സംസാരമാണ്. ചിലർ അങ്ങനെയല്ല എന്ന് നമ്മുടെ അനുഭവത്തിൽനിന്ന് നമുക്ക് മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മറ്റുള്ളവരെ രസിപ്പിക്കുന്ന വിധത്തിൽ സംസാരിക്കുന്നവരുമില്ലാതില്ല.

പുതിയ നിയമത്തിൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക:"ആർക്കും തിന്മക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടേയും മുമ്പിൽ, യോഗ്യമായതു മുൻകരുതി കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ. പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുപ്പിൻ; പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു.നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും എന്ന് എഴുതിയിരിക്കുന്നുവല്ലോ. തിന്മയോടു തോൽക്കാതെ തിന്മയെ നന്മയാൽ ജയിക്കുക"(റോമർ 12:17-21).

ദൈവനാമമെടുത്തു ആളുകൾ സത്യം ചെയ്യുന്നത് നിങ്ങൾ കേട്ടിരിക്കുമല്ലോ. ദൈവം പറഞ്ഞിരിക്കുന്നത് യാതൊന്നിനെ കുറിച്ചും സത്യം ചെയ്യരുത് എന്നാണ്. നാം പറയുന്നത് സത്യം ആണെങ്കിൽ പിന്നെ അതിനിടയിലേക്ക് ദൈവത്തിന്റെ നാമത്തെ വലിച്ചിഴക്കുന്നത് എന്തിനാണ്? വീണ്ടും ദൈവ വചനത്തിൽ കർത്താവ് നിർദ്ദേശിച്ചിരിക്കുന്നത് നോക്കുക:"കള്ളസത്യം ചെയ്യരുത് എന്നും സത്യം ചെയ്യുന്നത് കർത്താവിന്നു നിവർത്തിക്കേണം എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; ഞാനോ നിങ്ങളോട് പറയുന്നത് അശ്ശേഷം സത്യം ചെയ്യരുത്; സ്വർഗത്തെക്കൊണ്ട് അരുത്, അതു ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ട് അരുത് അത് അവന്റെ പാദപീഠം; യെരൂശലേമിനെക്കൊണ്ട് അരുത്, അത് മഹാരാജാവിന്റെ നഗരം. നിന്റെ തലയെക്കൊണ്ട് സത്യം ചെയ്യരുത്; ഒരു രോമവും വെളുപ്പിപ്പാനോ കറുപ്പിപ്പാനോ നിനക്ക് കഴിയുകയില്ല. നിങ്ങളുടെ വാക്ക് ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായത് ദുഷ്ടനിൽനിന്നു വരുന്നു"(മത്തായി 5;33-37). യാക്കൊബ് പറയുന്നു, "വിശേഷാൽ സഹോദരന്മാരേ, സ്വർഗത്തെയോ ഭൂമിയെയോ മറ്റു യാതൊന്നിനെയോ ചൊല്ലി സത്യം ചെയ്യരുത്; ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ നിങ്ങൾ ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്നും ഇല്ല എന്നു പറഞ്ഞാൽ ഉല്ല എന്നും ഇരിക്കട്ടെ"(യാക്കൊബ്. 5:12).

നാം പറയുന്നതിന്റെ ആധികാരികത ഉറപ്പുവരുത്തുവാനാണല്ലോ സത്യം ചെയ്യുന്നത്. പക്ഷെ അങ്ങനെ ചെയ്യുന്നത് ദൈവം വിലക്കിയിരിക്കുകയാണ്. ഒരു ദൈവമകനോ ദൈവമകളോ തന്റെ സംസാരം എപ്പോഴും മാറ്റി പറയാത്തതാണെങ്കിൽ അതു മാത്രം മതി എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. ദൈവത്തെയോ, ക്രിസ്തുവിനെയോ, ബൈബിളിനെയോ, മറ്റു യാതൊന്നിനെയോ ഇടയിൽ കൊണ്ടുവരരുത്. നാം ഒരിക്കലും ദൈവനാമത്തെ തുഛീകരിക്കരുത്. വേറൊരുകൂട്ടം ആളുകൾ തമാശ പറയുന്നതുപോലെ അറപ്പുളവാക്കുന്ന സംസാരം സംസാരിക്കും. അത്തരം സംഭാഷണം ആളുകളെ ചിരിപ്പിക്കുകയല്ല, വാസ്തവത്തിൽ അത് മറ്റുള്ളവരെ വെറുപ്പിക്കുകയാണ് ചെയ്യുന്നത്.

അപ്പൊസ്തലനായ പൗലൊസ് യുവാവായിരുന്ന തിമൊഥെയോസിനോട് നിർദ്ദേശിക്കുന്നത് നമുക്കും ബാധകമാണ്, "ആരും നിന്റെ യൗവ്വനം തുഛീകരിക്കരുത്, വാക്കിലും, നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും, നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക"(1 തിമൊഥെയൊസ് 4:12). "ഓരോരുത്തനോടും നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നറിയേണ്ടതിന്നു നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതും ആയിരിക്കട്ടെ"(കൊലൊസ്യർ 4:6). ഏതു കാര്യത്തിലും എതിരഭിപ്രായമുണ്ടായേക്കാം, പക്ഷെ എതിർ പറയുന്നതിനെ ദൈവം വിലക്കിയിരിക്കുകയാണ്. പലരും ഇത് അത്ര കാര്യമാക്കിക്കാണുകയില്ല. പക്ഷെ വചനത്തിൽ അത് വിലക്കിയിരിക്കുന്നു എന്ന പരമാർത്ഥം തിരിച്ചറിയുക(തിത്തൊസ് 2:7, 8). യാക്കൊബിന്റെ ലേഖനത്തിൽ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിരിക്കുന്നത്, സഹോദരന്മാരേ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞെരങ്ങി പോകരുത്; ഇതാ, ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു. കർത്താവിന്റെ നാമത്തിൽ പ്രവചിച്ച പ്രവാചകന്മാരെ കഷ്ടാനുഭവത്തിനും ദീർഘക്ഷമക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ. നാം ദൈവനീതിയിൽ ജീവിച്ചാൽ നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കും. ഇല്ലെങ്കിൽ ദൈവം കേൾക്കുകയില്ല. മോശമായ എന്തിനും ന്യായവിധിയുണ്ട് .

# യേശു:സഭയുടെ തല

## റോയസ് ഫ്രെഡറിക്

സഭയെന്ന് പറയുമ്പോൾ ആളുകൾ അതിനെ വിഭാഗങ്ങളായ സമുദായങ്ങളായി വിചാരിക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. എന്നാൽ അതല്ല സത്യം. സഭ എന്നത് വിഭാഗമോ സമുദായമോ അല്ല. പിന്നെയോ അത് ദൈവരാജ്യത്തിലേക്ക് ക്ഷണിക്കപ്പെട്ടവരും, രക്ഷാമാർഗം സ്വീകരിച്ചവരുമാണ്. ലോകത്തിൽ ജീവിക്കുന്നവരെ ആണ് സഭയിൽ പ്രവേശിപ്പിക്കുന്നത്. പാപത്തിൽ ജീവിച്ചവരെയാണ് ദൈവം തന്റെ സുവിശേഷത്താൽ വിളിക്കുന്നത്. ഏതൊരു രാജ്യത്തിലായാലും ഒരു ഭരണത്തലവൻ ഉണ്ടായിരിക്കും. അത് ഭൗതികമായി ആവശ്യവുമാണ്. അതുപോലെ ആത്മിയമായി കർത്താവ് സമ്പാദിച്ചിരിക്കുന്ന സഭയുടെ തല ക്രിസ്തുവാണ്(കൊലൊസ്യർ 1:18). ഭൗതിക ശരീരത്തിൽ തലയാണ് ശരീരത്തിലെ മറ്റെല്ലാ അവയവങ്ങളെയും നിയന്ത്രിക്കുന്നത്. അതുപോലെ കർത്താവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ ക്രിസ്തുവിന്റെ നിയന്ത്രണത്തിലായിരിക്കണം.

മനുഷ്യനിർമ്മിത സമുദായങ്ങളും വിഭാഗങ്ങളും യേശുവിനെ ആലങ്കാരിക തലയാക്കി വെച്ചിരിക്കുന്നുവെങ്കിലും വാസ്തവത്തിൽ അവർ അവനാൽ നിയന്ത്രിക്കപ്പെടുന്നില്ല എന്നു നമുക്ക് അറിയാം. കാരണം അവരുടെ പ്രവൃത്തികൾ അതു തെളിയിക്കുന്നു. കർത്താവിന്റെ കൽനകൾ അവർ ജീവിതത്തിൽ പാലിക്കാതെ മനുഷ്യരുടെ കൽപനകളെയും പാരമ്പര്യവിശ്വാസത്തെയുമാണ് മുറുകെ പിടിച്ചിരിക്കുന്നത്. പിന്നെ അവർ കർത്താവിനെ വിളിക്കുന്നതെന്തിനാണ്? കർത്താവിനോട് പ്രാർത്ഥിക്കുന്നതെന്തിന്? ക്രിസ്തു ജീവനോടുകൂടെ ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ, അന്നത്തെ ആളുകളോട് അവൻ ഈ ചോദ്യം ചോദിച്ചിരുന്നു(ലൂക്കൊസ് 6:46). പക്ഷെ അവർക്ക് ഉത്തരമില്ലായിരുന്നു. ഇന്നത്തെ ആളുകൾക്കും അതിന് ഉത്തരമില്ല. നിങ്ങൾ അംഗമായിരിക്കുന്ന സഭ ക്രിസ്തുവിനു എല്ലാ കാര്യത്തിലും കീഴ്പ്പെട്ടിരിക്കുന്നുവോ എന്നു പരിശോധിക്കുക. കാരണം നമുക്ക് കർത്താവിനോടാണ് കാര്യമുള്ളത്.

എങ്ങനെ വിശ്വസിക്കണമെന്നും, വിശ്വാസം ആരിൽ അല്ലെങ്കിൽ എന്തിലായിരിക്കണമെന്ന് തലയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആ തലയെ നിങ്ങൾ മാനിക്കുന്നുണ്ടോ? തലയെ മാനിക്കാതിരിക്കുന്നവർ നിങ്ങളെ വിരുത് തെറ്റിക്കുവാനിടയാകരുത്. തലക്ക് കീഴ്പ്പെടാതിരിക്കുന്ന ഒരവയവും ശരീരത്തിൽ ശരിയായി പ്രവർത്തിക്കുകയില്ല. അന്യോന്യം സ്നേഹിക്കുവാനാണ് കർത്താവ് കൽപിച്ചിരിക്കുന്നത്. കർത്താവ് നമ്മെ സ്നേഹിച്ചു കാണിച്ചു തന്നിരിക്കുകയാണ്. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ എന്ന് പൗലൊസ് ദൈവാധികാരത്താൽ പ്രബോധിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നവരാണല്ലോ ക്രിസ്ത്യാനികൾ. നിങ്ങൾ ആരെയാണ് ദിവസവും അനുകരിക്കുന്നത്? സഭയിൽ ഉള്ള ഓരോ വ്യക്തിയും അവന്റെ നിർദ്ദേശപ്രകാരമാണ് ജീവിക്കേണ്ടത്.

നാം എന്താണ് ഉപദേശിക്കുന്നത്? അതോ നാം ഉപദേശിക്കുന്നില്ലേ? തീർച്ചയായും നാം എന്തെങ്കിലും ഉപദേശം ആർക്കെങ്കിലും നൽകിക്കൊണ്ടാണിരിക്കുന്നത്. അത് ചിലപ്പോൾ കുട്ടികളോടായിരിക്കാം അല്ലെങ്കിൽ പ്രായപൂർത്തിയായവരോടായിരിക്കാം. അക്കാര്യത്തിൽ നമുക്ക് രണ്ട് തിരഞ്ഞെടുപ്പുകളാണുള്ളത്. ഒന്നുകിൽ മനുഷ്യരുടെ ഉപദേശം അല്ലെങ്കിൽ ദൈവത്തിന്റെ ഉപദേശം. മനുഷ്യരുടെ ഉപദേശത്തിനു ഒരു വിലയുമില്ല. കാരണം മനുഷ്യൻ വിചാരിക്കുന്നതുപോലെയല്ല ദൈവം വിചാരിക്കുന്നത്.

നിങ്ങൾ മതപരമായി എന്തുപേരിലാണ് അറിയപ്പെടുന്നത്? ധാരാളം മതങ്ങൾ ലോകത്തിൽ പ്രചരിച്ചിട്ടുണ്ട്. മതങ്ങളെല്ലാം മനുഷ്യനിർമ്മിതങ്ങളാണ്, ആയതിനാൽ അവക്ക് മാനുഷ്യപേരുകളായിരിക്കും ഉള്ളത്. തിരുവെഴുത്ത് പറയുന്ന ദൈവാധികാരത്തിലുള്ള പേരായിരിക്കണം നാം സ്വീകരിക്കേണ്ടത്. കർത്താവിന്റെ ഉപദേശപ്രകാരം ജീവിച്ചവരെയാണ് ഒന്നാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ എന്നു വിളിച്ചത്. അതായത് ക്രിസ്തുവിനെ പിൻപറ്റിയവർ. അവൻ നല്ല ഇടയനായി ആടുകൾക്ക് വേണ്ടി ജീവനെ നൽകി. അവൻ നമുക്ക് മുൻപായി നടന്നു മാതൃക കാണിച്ചു തന്നിരിക്കുന്നു. നമ്മുടെ ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ പോഷകങ്ങൾ ലഭിക്കുന്നത് തലയാകുന്ന ക്രിസ്തുവിൽനിന്നാണ്. ഓരോ ക്രിസ്ത്യാനിയുടേയും വളർച്ചക്ക് ആവശ്യമായതെല്ലാം അവനിൽനിന്നാണ് ലഭിക്കുന്നത്.

സ്വർഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ള യേശുക്രിസ്തുവിന്റെ അധികാരത്തെ നിങ്ങൾ എങ്ങനെയാണ് കാണുന്നത്? സഭയെ നാം മറ്റൊരു പേരിൽ വിളിക്കപ്പെടുവാൻ അനുവദിക്കരുത്. കാരണം പേർ അധികാരത്തെയാണ് അല്ലെങ്കിൽ ഉടമസ്ഥാവകാശത്തെയാണ് സൂചിപ്പിക്കുന്നത്. രക്ഷിക്കുവാനും ശിക്ഷിക്കുവാനുമുള്ള അധികാരം കർത്താവിനാണ് എന്നോർക്കുക. സഭ ക്രിസ്തുവിന്റേതാണ്. സഭ പണിതതും വിലക്കു വാങ്ങിയതും ദൈവപുത്രനും ലോകരക്ഷിതാവുമായ ക്രിസ്തുവാണ്(മത്തായി 16:18; പ്രവൃത്തികൾ 20:28). അതുകൊണ്ട് തലയെ എല്ലാവരും തലയായി കാണണം. തലയുടെ പ്രാധാനും നാം കുറച്ചുകാണരുത്. അതായത് നാം ഏതു കാര്യത്തിലും കർത്താവിനാണ് പ്രമുഖസ്ഥാനം നൽകേണ്ടത്. ക്രിസ്തുവിന്റെ സ്ഥാനത്ത് നാം ഒരു മനുഷ്യരേയും കാണരുത് എന്നർത്ഥം.

നിങ്ങൾ അംഗമായിരിക്കുന്ന സഭ എങ്ങനെയാണ് ആരാധിക്കുന്നത്? ദൈവത്തെ മനുഷ്യർ എങ്ങനെ ആരാധിക്കണം എന്നു പറയുവാനുള്ള അധികാരം യേശുക്രിസ്തുവിനാണ്. അവൻ പറയുന്നത്, "ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും ആരാധിക്കണം"(യോഹന്നാൻ 4:24). മനുഷ്യരുടെ ഇഷ്ടപ്രകാരമുള്ള ആരാധന ദൈവം സ്വീകരിക്കുകയില്ല(മത്തായി 15:9). നാം പാട്ട് പാടുന്നതും പ്രാർത്ഥിക്കുന്നതും, കർത്തൃമേശ ആചരിക്കുന്നതും, ധർമ്മശേഖരം നടത്തുന്നതുമെല്ലാം അവന്റെ കൽപനകളനുസരിച്ചായിരിക്കണം. അതിനോട് കൂട്ടുവാനോ, അതിൽനിന്നും എന്തെങ്കിലും എടുത്തുമാറ്റുവാനോ നമുക്ക് ആർക്കും അവകാശമില്ല.

സഭയെ സംഘടിപ്പിക്കേണ്ടത് എങ്ങനെയാണ്? ബൈബിളിൽ ഓരോ പ്രാദേശികമായ സഭയും സ്വയം ഭരണാവകാശത്തിൽ പ്രവർത്തിക്കണം. അതായത് മറ്റു മനുഷ്യർക്ക് ആർക്കും അവരെ നിയന്ത്രിക്കുവാൻ അവകാശമില്ല. ക്രിസ്തുവും അവന്റെ വചനവുമായിരിക്കണം അവരെ നയിക്കേണ്ടത്. ഓരോ പ്രദേശത്തെയും സഭയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന മൂപ്പന്മാരുണ്ടായിരിക്കണം.

# സഭ: അളക്കാവുന്ന മാഹാത്മ്യം

## വെയിൻ ബാരിയർ

സഭയുടെ ഗുണനിലവാരം മനസിലാക്കാത്ത ആളുകൾ ഇന്ന് അനവധിയാണ്. സഭയെ ഒരു മാനുഷ സംഘടനയായി കാണുന്ന ആളുകളുണ്ട്. പക്ഷെ സഭയുടെ ആത്മിയത തിരിച്ചറിഞ്ഞാൽ മാത്രമെ അതിന്റെ ശ്രേഷ്ഠത നമുക്ക് കാണുവാൻ കഴിയുകയുള്ളു. ദൈവികമായ സംഘടനയാണ് സഭയ്ക്കുള്ളത്. സഭയുടെ അടിസ്ഥാനം ഉറപ്പുള്ള ഒന്നാണ്. അത് ക്രിസ്തുവാണ്. ഒരു വീടിന് ഉറപ്പുള്ള അടിസ്ഥാനം ആവശ്യമാണ്. അതില്ലെങ്കിൽ അതിനു നിലനിൽക്കുവാൻ കഴിയുകയില്ല. ക്രിസ്തു മൂലക്കല്ലും അടിസ്ഥാനവുമായ സഭയാണ് കർത്താവിന്റേത്. സഭയുടെ വിജയവും നേട്ടവും വിലയിരുത്തേണ്ടത് ഭൗതികമായിട്ടല്ല മറിച്ച് ആത്മിയമായിട്ടാണ്. ഈ ലോകത്തിൽ വെച്ച് മനുഷ്യർക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ഒരു സ്ഥാപനമാണ് ക്രിസ്തുവിന്റെ രാജ്യം. ദൈവരാജ്യമെന്ന സഭയുടെ മഹത്വമാണ് ദൈവത്തോട് അടുക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്.

കർത്താവിന്റെ ശരീരമായ അവന്റെ രാജ്യത്തിലേക്ക് ചേർക്കപ്പെടുന്ന വിശുദ്ധരായവർ ഏറ്റവും വലിയ ജനമാണ്. ദൈവരാജ്യത്തിലുള്ളവരുടെ മാഹാത്മ്യം യേശു മത്തായി 18:1-4 വരെയുള്ള വേദഭാഗത്ത് വ്യക്തമാക്കിയിരിക്കുന്നു. ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ ആരാണെന്ന് നമ്മുടെ രക്ഷകൻ വിശദമാക്കിയിട്ടുണ്ട്. “ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി, നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു” അതായത്, ഉയരുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും ആദ്യം താഴണം എന്നർത്ഥം.

സ്ഥാനമാനങ്ങൾ ആഗ്രഹിക്കാത്തവരാരും കാണുകയില്ല.

പക്ഷെ വാസ്തവത്തിലുള്ള സ്ഥാനമെന്താണ്? അത് എങ്ങനെ ലഭിക്കുമെന്നാണ് നാം ചിന്തിക്കേണ്ടത്. ദൈവരാജ്യത്തിലെ ഏറ്റവും വലിയ സ്ഥാനത്തെ കുറിച്ചു പ്രതിപാദിക്കുന്ന യേശുവിന്റെ വാക്കുകൾ നമുക്ക് പരിഗണിക്കാം. "അന്ന് സെബദിപുത്രന്മാരുടെ അമ്മ പുത്രന്മാരുമായി അവന്റെ അടുക്കെ വന്നു നമസ്ക്കരിച്ചു അവനോട് ഒരു അപേക്ഷ കഴിച്ചു. നിനക്ക് എന്തു വേണം എന്നു അവൻ അവളോട് ചോദിച്ചു. അവൾ അവനോട്, ഈ എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ എന്നു പറഞ്ഞു. അതിന്നു യേശു നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്ക് കഴിയുമോ എന്നു ചോദിച്ചു. കഴിയും എന്ന് അവർ പറഞ്ഞു. എങ്കിലും എന്റെ വലത്തും ഇടത്തും ഇരിക്കുവാൻ വരം നൽകുന്നത് പിതാവത്രെ എന്നു പറഞ്ഞു"(മത്തായി 20:20-23). അധികാരങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി പൊരുതുന്ന ശ്രമങ്ങൾ ജാതികളുടേതാണ്. ക്രിസ്തുവിൽ പ്രത്യാശ വെക്കുന്നവർക്ക് അങ്ങനെ ചിന്തിക്കേണ്ട ആവശ്യമില്ല. കാരണം അതു ദൈവമക്കളുടെ സ്വഭാവമല്ല.

ഏറ്റവും വലിയ തത്വം ദൈവരാജ്യത്തിന്റേതാണ്. മത്തായി 22:34 -40 ൽ യേശു പറഞ്ഞിരിക്കുന്നത് നോക്കുക. "സദൂക്യരെ അവൻ മിണ്ടാതാക്കിയപ്രകാരം കേട്ടിട്ട് പരീശന്മാർ ഒന്നിച്ചുകൂടി അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു. ഗുരോ ന്യായപ്രമാണത്തിൽ ഏതു കൽപന വലിയത് എന്നു ചോദിച്ചു. യേശു അവനോട്, നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും പൂർണ്ണമനസോടുംകൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന. രണ്ടാമത്തേത് അതിനോട് സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഈ രണ്ട് കൽപനകളിൽ സകല ന്യായപ്രമാണങ്ങളും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു"(മത്തായി 22:34-40). ആദ്യം ഒരു കൽപന കൊടുക്കുകയും, അതു പാലിക്കുവാൻ കഴിയാതിരിക്കുകയും ജനങ്ങൾ വർദ്ധിക്കുകയും ചെയ്തപ്പോൾ കൽപനകളും പെരുകി.

ഒരു മഹാ ദൈവവും ഏകരക്ഷകനും എന്ന പ്രത്യേകതയാണ്

ദൈവരാജ്യത്തിൽ നാം കാണുന്നത്. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏക മദ്ധ്യസ്ഥനുമാണുള്ളത്. പുതിയനിയമ കൽപനകൾ ഏറ്റവും ശ്രേഷ്ഠമായവയാണ്. ഇന്ന് അനേകം രാജ്യങ്ങളിൽ നീതി നിർവ്വഹണത്തിനു ഉപയോഗിക്കുന്നത് യേശുക്രിസ്തുവിന്റെ നിയമ ങ്ങളാണ്. കർത്താവിന്റെ നിയമത്തിനു പകരമായി വേറൊന്നില്ല. അവൻ സ്വർഗാരോഹണം ചെയ്യുന്നതിനുമുൻപ് നാൽപതു നാളോളം ശിഷ്യന്മാർക്ക് പ്രത്യക്ഷമായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി യിരുന്നു. അവയിൽ മുഖ്യമായ ഒരു ദൗത്യം ഉൾപ്പെടുത്തിയിരുന്നു. സകല മനുഷ്യർക്കും സർവ്വലോകത്തിനും ഗുണകരമായ സന്ദേശം ആ കൽപനകളിൽ അടങ്ങിയിരിക്കുന്നു. അതിനെ മഹത്തായ ആജ്ഞ എന്നാണ് ചുരുക്കി വിളിക്കുന്നത്. ഏറ്റവും അത്യന്താപേ ക്ഷിതമായ കൽപനയാണ് അത്

"യേശു ശിഷ്യന്മാരുടെ അടുത്തുചെന്ന് സ്വർഗത്തിലും ഭൂമി യിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആക യാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാ ത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചതു പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കി കൊൾവിൻ. ഞാനോ ലോകാവസാന ത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളി ച്ചെയ്തു"(മത്തായി 28:18-20).

യേശു ശിഷ്യന്മാരോട് "ഞാൻ എന്റെ സഭയെ പണിയും എന്നു പറഞ്ഞു" എപ്പോഴെന്നു പറഞ്ഞിരുന്നില്ല. പക്ഷെ അവന്റെ സ്വർഗാ രോഹണത്തിനു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിൽ സഭ പണിതു(പ്രവൃത്തികൾ 2). ഇപ്പോൾ യേശുവിന്റെ മഹാ ദൗത്യം സഭ മുഖാന്തരമാണ് നിറവേറ്റേണ്ടത്. ആത്മാക്കളുടെ രക്ഷക്ക് സുവി ശേഷമല്ലാതെ മറ്റൊന്നില്ല എന്നതാണ് കാരണം. ആ മഹത്തായ ആജ്ഞ യേശു വീണ്ടും വരുന്നതു വരെ തുടരണം. അന്നുവരെ മാത്രമാണ് ഭുമിയിൽ മനുഷ്യവാസം ഉള്ളത്. അവന്റെ വരവിൽ പിന്നെ ന്യായവിധിയും, പ്രതിഫലവും ശിക്ഷയുമാണ്. പിന്നീട് ഒരു കാല മില്ല എന്നതാണ് ഓരോരുത്തരും മനസിലാക്കേണ്ടത്.

# നമ്മുടെ സഹായം ഉയരത്തിൽനിന്നാണ് വരുന്നത്

## ജോണി രാംസേ

സഹായം ആവശ്യമില്ലാത്തവർ ആരുമില്ല. കാരണം മനുഷ്യരെല്ലാവരും നിസഹായരാണ്. സ്വയമായ കഴിവുകൊണ്ട് ആർക്കും ഈ ഭൂമിയിൽ ജീവിക്കുവാൻ സാധ്യമല്ല. പ്രത്യേകിച്ച് അനുഗ്രഹങ്ങളും പരസഹായവും നമുക്ക് കൂടിയേ തീരു. ദൈവത്തിന്റെ ഭണ്ഡാരത്തിൽ ഒന്നിനും കുറവില്ല. സകലത്തിന്റേയും ഉറവിടം ദൈവമാണ്. ദൈവത്തിൽനിന്നല്ലാതെ, അല്ലെങ്കിൽ ദൈവത്തെ കൂടാതെ നമുക്ക് ഒന്നും ലഭിക്കുന്നില്ല എന്ന തിരിച്ചറിവാണ് നമുക്ക്. വേണ്ടത്. ആരെങ്കിലും നഷ്ടപ്പെട്ടു പോകുന്നത് ദൈവത്തിനിഷ്ടമല്ല. അതായത് ദൈവത്തിൽനിന്നകന്നു പോകുന്ന അവസ്ഥ. ദൈവത്തിന്റെ വഴി അനുഗ്രഹത്തിന്റേതാണ്, മനുഷ്യരെ ലോകത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന വഴി മനുഷ്യരുടേതാണ്. പിശാചാണ് തെറ്റിദ്ധാരണ പരത്തുന്നത്.

എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടുംകൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു. അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കുവാനും ഇച്ഛിക്കുന്നു.

സാത്താൻ നമ്മുടെ നാശമാണ് ആഗ്രഹിക്കുന്നത്. അവൻ നമ്മുടെ പ്രതിയോഗിയാണ്; ആരെ വിഴുങ്ങേണ്ടു എന്നു നോക്കി ഊടാടി സഞ്ചരിക്കുകയാണ്. സാത്താനു ഏതൊരാളുടേയും ഉള്ളിൽ പ്രവേശിച്ച് മോശമായ ചിന്തകൾ ഉത്ഭവിപ്പിക്കുവാൻ കഴിയും. അങ്ങനെയാണ് ആളുകൾ അവന്നു കീഴ്പ്പെടുന്നത്. ഒരിക്കൽ അവന്നു കീഴ്പ്പെട്ടുകഴിഞ്ഞാൽ പിന്നെ അത്തരം ആളുകൾ അവൻ പറയുന്നത് അങ്ങനെ തന്നെ ചെയ്യും.

ബൈബിൾ ആരംഭിക്കുമ്പോൾ തന്നെ വിവാഹത്തിന്റേയും കുടുംബജീവിതത്തിന്റേയും മനോഹാരിത നാം വായിക്കുന്നു. ആദാമും ഹവ്വയും ഏദെൻ തോട്ടത്തിൽ ജീവിതം ആരംഭിച്ചപ്പോൾ ആദാമിന്റെ അഭാവത്തിൽ ആണ് സാത്താൻ ഹവ്വയെ തെറ്റിദ്ധരിപ്പിച്ചതും, മോഹിപ്പിച്ചതും. ആ ഉപായത്തിൽ ഹവ്വ പരാജയപ്പെട്ടു. ദൈവം മനോഹരമായും സന്തോഷകരമായും ജീവിപ്പാൻ നൽകിയ കുടുംബജീവിതത്തിലേക്ക് അനുസരണക്കേട് കടത്തിവിട്ട് ഭിന്നിപ്പിച്ച് സന്തോഷം ഇല്ലാതാക്കുകയാണ് പിശാച് ചെയ്യുന്നത്. പക്ഷെ ആളുകൾ അദൃശ്യനായ പിശാചിനെ കാണുന്നില്ല. അവർ കാണുന്നത് മനുഷ്യരെയാണ്. അതുകൊണ്ട് അന്യോന്യം വിദ്വേഷവും വെറുപ്പും വൈരാഗ്യവും പുണ്ട് ജീവിക്കുന്നു. അവർ കാര്യത്തിന്റെ ശരിയായ വശം തിരിച്ചറിയാത്തതുകൊണ്ട് പ്രശ്ന പരിഹാരം എളുപ്പമല്ല.

ഓരോ ദിവസവും ആരംഭിക്കുമ്പോൾ നാം ദൈവ നാമത്തെ ഉയർത്തി അവന്നു പുകഴ്ച്ച കൊടുത്തു ജീവിക്കണം(സങ്കീർത്തനങ്ങൾ 34:3). അതായത് ദൈവത്തിനു കീഴ്പ്പെട്ടു ജീവിക്കുന്നവർക്ക് മാത്രമെ പിശാചിനെ കീഴ്പ്പെടുത്തുവാൻ കഴിയു. വീടുകളിൽ ദൈവഭക്തി യഥാർത്ഥമായി പാലിക്കപ്പെടാത്ത ഭവനങ്ങളെ പിശാച് അടിമകളാക്കും. നമ്മുടെ ലക്ഷ്യം ദൈവത്തിലെത്തുക എന്നതായിരിക്കണം. അതിനു നാം എവിടെനിന്നു വന്നു എന്നു മനസിലാക്കണം. ഈ ലോകത്തിൽ ജനിച്ചുവീഴുന്ന ഓരോ ജീവിതവും ദൈവത്താലാണ് ഉണ്ടായത്. അവസാനം ദൈവത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും. അത് മനസിലാക്കുന്ന ഏതൊരാളും ദൈവവുമായുള്ള ബന്ധം സ്ഥിരമാക്കും.

ഒരു വീട്ടിലും, സമൂഹത്തിലും, ദേശത്തിലും ദൈവത്തെ പിന്തള്ളി ജീവിക്കുന്നതാണ് അവരുടെ നാശത്തിനു കാരണം. മനുഷ്യശരീരത്തിൽ ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ട ആത്മാവുള്ളത് പലരും ഗൗരവത്തോടെ കാണുന്നില്ല എന്നതാണ് പരമാർത്ഥം. ചിലർ അങ്ങനെ ഒരാത്മാവുള്ളതായി പോലും വിശ്വസിക്കുന്നില്ല. കുടുംബജീവിതത്തിന്റെ വിശുദ്ധിയും ഉദ്ദേശവും മനസിലാക്കി അതിലേക്ക് തിരിച്ചുവരിക എന്നതാണ് ഇന്നത്തേയും എന്നത്തേയും മുഖ്യമായ കാര്യം. അതെങ്ങനെ സാധിക്കുമെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. നാം ദൈവത്തിനു പ്രഥമ സ്ഥാനം നൽകുമ്പോൾ അവൻ നമ്മുടെ കുടും

ബത്തിൽ അദ്ധ്യക്ഷനായി വസിക്കുകയും നമ്മെ അനുഗ്രഹിക്കേണ്ടതിനു നമ്മെ സഹായിക്കുകയും ചെയ്യും. യഹോവ വീട് പണിയുകയും കാക്കുകയും ചെയ്യാതിരുന്നാൽ അതിനു ശ്രമിക്കുന്നവർ പരാജയപ്പെടും എന്നതാണ് സത്യം.

പ്രത്യാശ ലഭിക്കുന്നത് ദൈവത്തിൽനിന്നാണ്. അത് ഈ ലോക പ്രകാരമുള്ളതല്ല. മറിച്ച് ആത്മിയമായി നിലനിൽക്കുന്ന പ്രത്യാശയാണ് സർവ്വ മനഷ്യർക്കും വേണ്ടത്. നശിച്ചുപോകുന്നതും താൽക്കാലികവുമായ ഒന്നിലും നാം ആശ്രയിക്കരുത്. തിരുവെഴുത്തിനെ ദൈവം നമുക്കു വേണ്ടി ഇന്നും സംരക്ഷിച്ചിരിക്കുന്നത് വലിയോരു അനുഗ്രഹമാണ്. ദുഷ്ട മനുഷ്യരും ചില മതസ്ഥാപനങ്ങളും ബൈബിളിനെ നശിപ്പിക്കുവാൻ ശ്രമിച്ചിട്ടും ദൈവം ഇന്നുവരെ വിലയേറിയ വചനത്തെ സൂക്ഷിച്ചിരിക്കുന്നത് സുചിപ്പിക്കുന്നത് അവന്റെ പദ്ധതിയെ തോൽപിക്കുവാൻ ആർക്കും സാധ്യമല്ല എന്നതാണ്. "എന്റെ വായിൽനിന്നു വരുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കുലേക്ക് മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുകയും, ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും"(യെശയ്യാവ് 55:11).

നമ്മെ രക്ഷിക്കുന്നതും ന്യായം വിധിക്കുന്നതും ക്രിസ്തുവിന്റെ വചനമാണ്. നമ്മെ നടത്തുന്ന സഹായിയാണ് അവന്റെ വചനം. പഴയനിയമത്തിൽ ഒരു ദേശമായി യിസ്രായേലിനെ ദൈവം അവന്റെ അരുളപ്പാടുകളനുസരിച്ച് ജീവിക്കുവാൻ അവസരം കൊടുത്തു. പുതിയനിയമകാലത്തിലും അതു വാസ്തവമാണ്, നമ്മെ ആത്മിയമായി ജീവിപ്പിക്കുന്നത് ക്രിസ്തുവിന്റെ വചനം ആണ്. "യഹോവ എന്റെ ശൈലവും കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു"(സങ്കീർത്തനങ്ങൾ 18:2). യേശുക്രിസ്തുവിന്റെ മാതൃക വളരെ പ്രയോജനപ്രദമാണ്. എങ്ങനെ ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയുമെന്ന മാതൃക അനുകരിക്കുവാൻ പറ്റിയത് നമ്മുടെ രക്ഷകൻ നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. അതുകൊണ്ടാണ് പൗലൊസ് പറഞ്ഞത്, ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുകൊണ്ട് നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ എന്ന്(1 കൊരിന്ത്യർ 11:1).

നമുക്ക് പ്രാർത്ഥിക്കുവാനുള്ള അവസരം നൽകിയിരിക്കുന്നത് മറ്റൊരു ദൈവാനുഗ്രഹമാണ്. നമ്മുടെ മനസ് തണുക്കുകയും നാം ആത്മിയമായി ഉണരുകയും ഉയരുകയും ചെയ്യുന്നത് ദൈവത്തോട് നിരപ്പ് പ്രാപിക്കുമ്പോഴാണ്. ഒരു സ്നേഹിതൻ മറ്റൊരു സ്നേഹിതനോട് എന്നപോലെ നമുക്ക് നമ്മുടെ പിതാവിനോട് ബന്ധപ്പെടുവാൻ കഴിയുന്നു. അതായത് എന്തും നമുക്ക് തുറന്നു സംസാരിക്കുവാൻ കഴിയുന്ന ഒരവസ്ഥ ദൈവവുമായുള്ളതാണ് ഈ അനുഗ്രഹത്തിന്റെ പ്രത്യേകത. ലോകത്തെയും ലോകത്തിലുള്ളതൊക്കെയും ഉണ്ടാക്കിയ നാഥനാണ് ദൈവം. അവൻ നമ്മിൽ ആരിൽനിന്നും അകന്നിരിക്കുവാൻ ആഗ്രഹിക്കുന്നില്ല(പ്രവൃത്തികൾ 17:24, 27). നാം ദൈവേഷ്ടപ്രകാരം എന്തു യാചിച്ചാലും അവൻ പ്രാർത്ഥന കേൾക്കും എന്നത് നമുക്ക് ആശ്വാസം നൽകുന്നതാണ്. ഭൂമിയിലെ നമ്മുടെ യാത്ര വരുവാനുള്ള ലോകത്തിലേക്കാണ്. ദൈവസന്നിധിയിൽ എത്തുവാൻ അവസരമുണ്ടെന്നതാണ് മുഖ്യം.

മറ്റു ക്രിസ്ത്യാനികളുമായി കൂട്ടായ്മ പുലർത്തുവാൻ കഴിയുന്നത് മറ്റൊരു അനുഗ്രഹമാണ്. വിലയേറിയ വിശ്വാസമാണ് നമ്മെ അതിനു സഹായിക്കുന്നത്. പരസഹായം കൂടാതെ ജീവിക്കുവാൻ ഒരു വ്യക്തിക്കും ഈ ഭൂമിയിൽ സാധ്യമല്ല. അന്യോന്യം നമുക്ക് എല്ലാവർക്കും ഉത്തേജനവും പ്രോൽസാഹനവും ആവശ്യമാണ്. അതിനുവേണ്ടിയാണ് ആത്മിയ കൂട്ടായ്മ ദൈവം വെച്ചിരിക്കുന്നത്. നാം ഓരോരുത്തരും സഹവിശ്വാസികളായിരിക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും സഹായിക്കേണ്ടവരാണ്. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുകയും നിത്യജീവനെ പിടിച്ചുകൊള്ളുകയും വേണം. ദൈവസേവ ചെയ്തുകൊണ്ടിരുന്ന പൗലൊസിനെ ലൂക്കൊസ്, ബർന്നബാസ്, തിമൊഥെയോസ് എന്നിവർ സഹായിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തിരുന്നു എന്നു ബൈബിൾ വ്യക്തമാക്കുന്നു.

ദൈവം നമ്മെ പ്രത്യാശയോടുകൂടിയാണ് അനുഗ്രഹിക്കുന്നത്. ക്രിസ്തുവിന്റെ രക്തത്താൽ നമ്മെ വീണ്ടെടുത്തിരിക്കുന്നത് നിത്യജീവൻ നൽകുവാനാണ്. യേശു തന്റെ ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തിരിക്കുന്നത് നമുക്കും കൂടെ ബാധകമാണ്. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചിരിക്കുന്നു"(യോഹന്നാൻ 3:16). യേശുക്രിസ്തുവിൽ പാപമോചനം വാഗ്ദാനം ചെയ്തിരിക്കുന്ന, അവൻഎല്ലാനാളും നമ്മോടുകൂടെയുണ്ട് എന്നത് എത്ര മഹത്തായ അനുഗ്രഹമാണ്!.

# പുതിയ അദ്ധ്യക്ഷന്മാർക്കുള്ള വെല്ലുവിളി

## ലേവി സൈഡ്സ്

അദ്ധ്യക്ഷന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർ നല്ല വേല ആഗ്രഹിക്കുന്നു എന്നാണ് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നത്. അത് മഹത്തായ ഉത്തരവാദിത്തമാണ്. മൂപ്പന്മാർ, ഇടയന്മാർ അദ്ധ്യക്ഷന്മാർ, മേയ്ക്കുന്നവർ എന്നീ വാക്കുകളാൽ അങ്ങനെയുള്ളവരെ വിളിച്ചിരിക്കുന്നു. അതൊന്നും പദവിയായിട്ടല്ല എടുക്കേണ്ടത്, മറിച്ച് ജോലിയായിട്ടാണ് അഥവാ ശുശ്രൂഷയായിട്ടാണ് സ്വീകരിക്കേണ്ടത്. ജനങ്ങളെ ശുശ്രുഷിക്കുക എന്നാൽ ദൈവത്തെ ശുശ്രുഷിക്കുക എന്നാണ് അർത്ഥം. മനുഷ്യരുടെ ആത്മിയമായ ആവശ്യങ്ങളിൽ പെട്ടതാണ് ആത്മിയമായ ശുശ്രുഷ. കർത്താവിന്റെ സഭയുടെ ദൗത്യം ഏറ്റെടുക്കുക എന്നാൽ മഹത്തായ ഒരു ജോലി ഏറ്റെടുക്കുക എന്നർത്ഥം. ഉന്നതമായ കർത്തവ്യനിർവ്വഹണമാണ് ഓരോ മൂപ്പനിലും നിക്ഷിപ്തമായിരിക്കുന്നത്.

കർത്താവിന്റെ സഭയിലെ ഓരോരുത്തരും അവനവനെ സൂക്ഷിപ്പാൻ വചനം നമ്മെ നിർദ്ദേശിച്ചിരിക്കുന്നു. അതോടൊപ്പം മറ്റുള്ളവരെ സൂക്ഷിപ്പാനും ഉത്തരവാദിത്തമുണ്ട്. പ്രത്യേകിച്ച് സഭയിൽ യോഗ്യതയുള്ള അദ്ധ്യക്ഷന്മാരുടെ കടമയാണ് തങ്ങളുടെ അദ്ധ്യക്ഷതയിൻകീഴിലുള്ള ആത്മാക്കളെ സൂക്ഷിക്കുക എന്നത്. കാരണം ദുരുപദേശങ്ങൾ സഭയിലേക്ക് കടന്നുവരും. പല രൂപത്തിലും ഭാവത്തിലും അതു വന്നേക്കാം. ഒരു ഇടയൻ ആടുകളെ ശത്രുക്കളിൽനിന്നും പ്രതികൂലമായ അവസ്ഥകളിൽ നിന്നും സൂക്ഷിക്കുന്നതുപോലെ ശൈശവപ്രായത്തിലുള്ളവർ ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്നവരാകുമെന്ന് പരിശുദ്ധാത്മാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രവാസത്തിൽനിന്നു മടങ്ങിവന്നപ്പോൾ, എസ്രാ ആദ്യമായി ചെയ്തത് യിസ്രായേൽ ജനത്തെ തിരിച്ച് തിരുവചനത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനാണ്. അതിനായി അവൻ ന്യായപ്രമാണം വായിച്ച് കേൾപ്പിക്കുന്നു(എസ്രാ 7:10).

സമാധാനത്തിന്റെ ദൈവം നമ്മോടുകൂടെ ഇരിക്കേണ്ടതിന്നു നാം വചനത്തിൽനിന്നു കേൾക്കുന്നതും പഠിക്കുന്നതും അങ്ങനെതന്നെ ചെയ്യുന്നവരായിരിക്കണമെന്ന് പൗലൊസ് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു(ഫിലിപ്പിയർ 4:9). ലോകത്തിൽ പതിയിരിക്കുന്ന അപകടങ്ങളിൽ നാം കുടുങ്ങാതിരിക്കേണ്ടതിന്നു അതു ബോധ്യമാക്കി തരുവാൻ വചനപരിജ്ഞാനമുള്ളവർ വേണം. മൂപ്പന്മാർ വചനം പഠിപ്പിക്കുവാൻ സമർത്ഥരായിരിക്കണം. വചനത്തിൽനിന്ന് വ്യതിചലിച്ചുപോകുവാനുള്ള സാധ്യത ലോകത്തിൽ കൂടുതലാണ്. ദുരുപദേശങ്ങളും കള്ളപ്രവചനങ്ങളും വ്യാപിച്ചിരിക്കയാണ്. അതുകൊണ്ട് മായം കലരാത്ത നിർമ്മലമായ വചനം നിഷ്ക്കളങ്കരായ ആളുകളെ പഠിപ്പിക്കണം. അതേ സമയം അതു സ്നേഹത്തോടുകൂടെ ആയിരിക്കയും വേണം. അവിടെയാണ് അദ്ധ്യക്ഷന്മാരുടെ പ്രസക്തി വർദ്ധിക്കുന്നത്.

ബാല്യത്തിൽ എന്റെ അപ്പനും അമ്മയും എന്നോട് നീ കിടക്കയിൽ പോകണം എന്നു പറയുന്ന സമയത്ത് എനിക്ക് അതു വേണോ വേണ്ടയോ എന്നു തിരഞ്ഞെടുക്കുവാനുള്ള പ്രവൃത്തിയല്ല എന്ന് അറിയാമായിരുന്നു. അതുപോലെ ദൈവവചനത്തിൽ നമുക്ക് തിരഞ്ഞെടുക്കുവാൻ സാധ്യമല്ലാത്ത പല കൽപനകൾ അനുസരിക്കുവാൻ മാത്രമെ നമുക്ക് നിർവ്വാഹമുള്ളു. അതായത് കൽപനകൾ അഥവാ ആജ്ഞകൾ നമ്മുടെ അനുസരണത്തിനാണ് നൽകിയിരിക്കുന്നത്. അനുസരിക്കാതിരുന്നാൽ അതിനുള്ള ശിക്ഷ നാം അനുഭവിക്കും എന്നർത്ഥം. മൂപ്പന്മാർക്കുള്ള യോഗ്യതകളായി പറഞ്ഞിരിക്കുന്ന ഒരു കാര്യവും നമുക്ക് ഒഴിവാക്കാവുന്നതല്ല. ആരെ കുറിച്ച് പറഞ്ഞിരിക്കുന്നുവോ അത് അവരിൽ ഉണ്ടായിരിക്കണം. എനിക്ക് ഒരു ജോലി ചെയ്യണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനുള്ള യോഗ്യത ആവശ്യമാണ്. ഭൗതികമായ ജോലിക്ക് ചിലപ്പോൾ യോഗ്യത കുറഞ്ഞവരെ എടുത്തെന്നിരിക്കും. പക്ഷെ ആത്മിയമായ ജോലിക്ക് ദൈവം നിഷ്ക്കർഷിച്ചിരിക്കുന്ന യോഗ്യതകൾ എല്ലാം ആവശ്യമാണ്. എന്ത് എഴുതിയിരിക്കുന്നുവോ അത് അവ്വണ്ണം തന്നെ നാം സ്വീകരിക്കണം. ഒന്നിൽ നാം കുറവുള്ളവരായാൽ നമ്മെ തികവുള്ളവരായി കാണുവാൻ ആഗ്രഹിക്കുന്ന ദൈവത്തെ നാം പ്രസാദിപ്പിക്കുന്നില്ല എന്നു വരും.

സഭയിലെ മൂപ്പന്മാർ ദൈവത്തിനു മഹത്വം കൊടുക്കണം. തങ്ങളുടെ അഭിപ്രായം ആത്മാക്കളിൽ അടിച്ചേൽപ്പിക്കുന്നത് ഇടയത്വ പ്രവൃത്തിയല്ല. അത് ഭരിക്കലാണ്. ആടുകൾക്ക് മുൻപായി നടക്കേണ്ടവനാണ് ഒരു മൂപ്പൻ. സഭാംഗങ്ങൾ മൂപ്പന്മാരുടെ പുറകെയാണ് നടക്കേണ്ടത്. അക്ഷരികമായി അവരുടെ പിന്നിൽ നടക്കുന്നതിനെ കുറിച്ചല്ല, ആത്മിയമായി സഭയെ നടത്തുന്നവർ ആദ്യം മാതൃക കാണിച്ചുകൊടുക്കണം. വാക്കിലും നടപ്പിലും, വിശ്വാസികൾക്ക് അനുകരിക്കാവുന്ന മാതൃകയാണ് അദ്ധ്യക്ഷന്മാർ കാണിച്ചു കൊടുക്കേണ്ടത്. സഭയെ മേയ്ക്കേണ്ട ഉത്തരവാദിത്തമാണ് അദ്ധ്യക്ഷന്മാർക്കുള്ളത്. പച്ചയായ പുൽപ്പുറങ്ങളിലേക്ക് ആടുകളെ ഒരു ഇടയൻ നടത്തുന്നതുപോലെയാണ് ഇടയന്മാരായി അദ്ധ്യക്ഷന്മാർ സഭയിലെ വിശ്വാസികൾക്ക് ആവശ്യമുള്ള ആത്മിയ ആഹാരം പ്രദാനം ചെയ്യണം. ഓരോ അംഗവും ആത്മിയമായി വളരുന്നത് വചന പരിജ്ഞാനത്തിലും കൃപയിലുമാണ്. ദൈവികനിലവാരത്തിലേക്ക് ആളുകൾ ഉയരണം അതിന് അവരെ സഹായിക്കുവാൻ മൂപ്പന്മാർ തയ്യാറാവണം. ബലഹീനരെ താങ്ങി, ഫലം പുറപ്പെടുവിക്കുന്നവരെ കൂടുതൽ ഫലം പുറപ്പെടുവിക്കാൻ ആവശ്യമായ ഉത്തേജനം നൽകണം.

ചെന്നായ്ക്കളോട് പോരാടുവാൻ കഴിവുള്ളവരായിരിക്കണം അദ്ധ്യക്ഷന്മാർ. ചെന്നായ്ക്കൾ വരുന്നത് ആടുകളെ വിഴുങ്ങുവാനാണ്. ശത്രുക്കളിൽനിന്നു ആടുകളെ സംരക്ഷിക്കണമെന്നർത്ഥം. വ്യത്യസ്തമായ ഉപദേശങ്ങൾ ലോകത്തിൽ പ്രചരിച്ചിട്ടുള്ളത് മനസിലാക്കണം. ആത്മിയ വിവേചനം നടത്തുവാൻ കഴിവുള്ള നടത്തിപ്പുകാർക്ക് ആവശ്യമായ മുൻകരുതലുകൾ നൽകുവാൻ കഴിയും. വിശ്വാസികൾ വഴിതെറ്റി പോകുന്നത് പല വിധത്തിലാണ്. വിശ്വാസികൾക്കിടയിൽനിന്നു വിപരീതോപദേശം സംസാരിക്കുന്നവർ എഴുന്നേൽക്കുമെന്ന് മുന്നറിയിച്ചിട്ടുണ്ട്. അവരുടെ ആക്രമണങ്ങളിൽനിന്നു നിഷ്ക്കളങ്കരായിട്ടുള്ളവരെ സൂക്ഷിക്കണം. അതിന് മൂപ്പന്മാർ എപ്പോഴും ജാഗരൂകരായിരിക്കണം. സഭയുടെ ശുശ്രൂഷകരായി മുഴുവൻ സമയവും ചെലവിടുന്നവരെ സാമ്പത്തികമായി സഹായിക്കേണ്ടതു സഭയാണ്. നന്നായി ഭരിക്കുന്ന മൂപ്പന്മാർക്ക് ഇരട്ടി മാനം കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്യുവാനുള്ള സാഹചര്യം സഭയിലുള്ളവർ ഒരുക്കണം. ഇല്ലെങ്കിൽ അവർക്ക് നന്നല്ല എന്നു വചനം നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഒരാൾ മാത്രമായിരിക്കരുത് സഭയെ നയിക്കേണ്ടത്. ഒന്നിലധികം മൂപ്പന്മാർ ഓരോ ഇടവകയിലും ഉണ്ടായിരിക്കണം. പുതിയ നിയമ സഭയുടെ വളർച്ചയായിരിക്കണം അവരുടെ ഉന്നം.

✶

# "വചനം കൂടാതെ" ഭർത്താവിനെ നേടൽ

## നീൽ പൊളാർഡ്

പത്രൊസ് ദൈവശ്വാസിയമായി അസാധാരണ രീതിയിൽ ഭാര്യമാർ അവിശ്വാസികളായ ഭർത്താക്കന്മാരെ നേടുവാൻ ശ്രമിക്കണം എന്നു പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ അരുളപ്പാടുകളെല്ലാം നല്ല ഉദ്ദേശത്തോടെ നൽകപ്പെട്ടിരിക്കുകയാണ്. ആ ഉദ്ദേശശുദ്ധിയോടെ നാം അത് ജീവിതത്തിൽ പകർത്തുകയാണെങ്കിൽ തീർച്ചയായും നമുക്ക് അതിന്റെ പ്രയോജനം ലഭിക്കും. പക്ഷെ പൂർണ്ണമായി അതു പരിശീലിക്കുവാൻ പലർക്കും കഴിയുന്നില്ല എന്നതാണ് പരമാർത്ഥം. പിന്നെ അവർ പരാജയപ്പെടുമ്പോൾ ദൈവത്തെയോ വചനത്തെയോ പഴിച്ചിട്ട് കാര്യമില്ല. ആദ്യം ദൈവത്തിലും അവന്റെ വചനത്തിലും പൂർണ്ണമായ വിശ്വാസം വേണം. പലരും ദൈവത്തിന്റെ വചനത്തിലെ മുന്നറിയിപ്പുകളും വാഗ്ദാനങ്ങളും അതേപടി വിശ്വസിക്കുന്നില്ല, കൽപനകൾ അതേപടി അനുസരിക്കുന്നുമില്ല. അപ്പൊസ്തലൻ ഭാര്യമാർക്ക് നൽകിയിരിക്കുന്ന ഈ പ്രത്യേക നിർദ്ദേശം തികച്ചും പ്രായോഗികമാണ്.

ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ. അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടു കൂടിയ നിങ്ങളുടെ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല. സൗമ്യതയും സാവധാനതയുമുള്ള മനസ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലൊ പണ്ട് ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്. അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു. നന്മ ചെയ്തു യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയിത്തീർന്നു(1 പത്രൊസ് 3;1–6).

കുടുംബത്തെ നയിക്കേണ്ടത് കുടുംബനാഥനാണ്. പക്ഷെ ഖേദമെന്ന് പറയട്ടെ പല കുടുംബങ്ങളിലും പുരുഷന്മാർ അത് സ്ത്രീകളെ ഏൽപിച്ചിരിക്കുന്നു. പുരുഷൻ എന്തുകൊണ്ടാണ് തന്റെ ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറുന്നത് എന്നു മനസിലാകുന്നില്ല. ദൈവം നമ്മെ ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്തം സ്ത്രീയായാലും പുരുഷനായാലും അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ പാടില്ല. ശരിയായ സമയത്ത് ശരിയായ രീതിയിൽ, ബുദ്ധിപരമായി വേണം നാം വാക്കുകൾ ഉപയോഗിക്കുവാൻ എന്നു ബൈബിൾ നമ്മെ പഠിപ്പിക്കുന്നു( യെശയ്യാവ് 50:4; സദൃശവാക്യം 15:23; കൊലൊസ്യർ 4:6). ദൈവഭക്തിയുള്ള പല സ്ത്രീകളും തങ്ങളുടെ വീട്ടിലുള്ള അംഗങ്ങളെ നല്ല രീതിയിൽ സ്വർഗത്തിലെത്തിക്കുവാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ കുടുംബത്തെ നയിക്കുവാൻ ശ്രമിക്കാത്ത പുരുഷന്മാരുള്ള കുടുംബത്തിലെ സ്ത്രീകൾ എന്തു ചെയ്യും?

ക്രിസ്തീയ വിശ്വാസത്തിലായിരിക്കുന്ന ഒരു ഭാര്യ അവിശ്വാസിയായ ഒരു ഭർത്താവിനോടുകൂടെ ജീവിക്കരുത് എന്നല്ല പത്രൊസ് പറയുന്നത്. പിന്നെയോ അങ്ങനെ ജീവിക്കുമ്പോൾ ആ ഭാര്യഭർത്തൃബന്ധം ദൈവേഷ്ടപ്രകാരമാകുവാൻ ആവശ്യമായ നിർദ്ദേശമാണ് തിരുവെഴുത്തിൽ നൽകുന്നത്. ഭാര്യ അങ്ങനെയുള്ള സാഹചര്യത്തിൽ ഭർത്താവിനെ കുറ്റപ്പെടുത്തുന്നതിനു പകരം സ്വന്തം ജീവിതം ക്രമപ്പെടുത്തുകയാണ് വേണ്ടത് എന്നർത്ഥം. നിർമ്മലമായ നടപ്പ് ഏതൊരു ക്രിസ്ത്യാനിക്കും ആവശ്യമാണ്. ആത്മാവിന്റെ വിലയെ കുറിച്ച് പൂർണ്ണബോധ്യമുള്ള സ്ത്രീയായാലും പുരുഷനായാലും ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നത് അതുപോലെ ചെയ്യും.

ക്രിസ്തു തന്റെ മലമ്പ്രസംഗത്തിൽ ഒരാളുടെ സ്വാധീനം ഉപയോഗിക്കേണ്ടതിനെ കുറിച്ച് സംസാരിച്ചിരിക്കുന്നു. സാധാരണ മനുഷ്യർ ഉപയോഗിക്കുന്ന രണ്ട് വസ്തുക്കളെ ചിത്രീകരിച്ചുകൊണ്ടാണ് യേശു അത് പഠിപ്പിക്കുന്നത്. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ക്രിസ്ത്യാനികൾ ലോകത്തിന്റെ വെളിച്ചമാണ്. ഉപ്പിന്റെ ഗുണം പോലെ ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് ഗുണമുള്ളവരാകണം. അതു തന്നെയാണ് വെളിച്ചവും ചെയ്യുന്നത്. മറ്റുള്ളവർക്ക് പ്രകാശം നൽകുകയാണ്. ഏതെല്ലാം രീതിയിലാണ് നാം മറ്റുള്ളവർക്ക് ഉപകാരപ്രദമാകുന്നത് എന്ന് ബൈബിളിൽ വ്യക്തമാക്കിയിരിക്കുന്നു. പുതിയനി

യമത്തിലെ നർദ്ദേശങ്ങൾ നാം ഓരോരുത്തരും ജീവിതത്തിൽ പാലിക്കണം. നീതിയും ന്യായവും കരുണയും പ്രാവർത്തികമാക്കണം. അതേസമയത്ത് അതിനു മാത്രം ഊന്നൽ നൽകി ദൈവത്തിന്റെ മറ്റു അരുളപ്പാടുകളെ ത്യജിക്കയുമരുത്.

പത്രൊസ് നടപ്പ് എന്നു പറഞ്ഞിരിക്കുന്നത് സ്വഭാവത്തെയാണ്. അല്ലെങ്കിൽ ഭാര്യയുടെ പെരുമാറ്റത്തെയാണ്. നാം ആരാണെന്ന് തെളിയിക്കുന്നത് നമ്മുടെ പ്രവൃത്തിയാണ്. ശത്രുവിനെ പോലും സ്നേഹിക്കുവാൻ കർത്താവ് നമ്മോടു പറഞ്ഞിരിക്കുന്നത് ആത്മാവിന്റെ വില നമ്മെ ബോധ്യപ്പെടുത്തുവാനാണ്. മര്യാദയായി നടക്കുക, നല്ല പേർ സമ്പാദിക്കുക, തങ്ങൾ മോശമെന്ന് ആരെക്കൊണ്ടും പറയിക്കാതിരിക്കുക.ഇതിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു എന്നു മനസിലാക്കണം. ദൈവത്തെ അനുസരിക്കാതെ ജീവിക്കുന്നവരെ അനുസരിപ്പിക്കുന്നതെങ്ങനെ? നിർബ്ബന്ധത്താലോ, വാശിയാലോ, പിണക്കത്താലോ ഒരാളെ മാറ്റിയെടുക്കുവാൻ ശ്രമിക്കരുത്. സ്നേഹത്താൽ ഇടപെട്ടുകൊണ്ട് സത്യസന്ധതയും വിശ്വസ്തതയും ഭർത്താവിന് ബോധ്യപ്പെടേണ്ടതായിട്ടുണ്ട്. ഒരു ഭർത്താവിന് ഭാര്യയിൽനിന്നു കിട്ടേണ്ട ന്യായമായ കാര്യങ്ങൾ അത് നാം തടഞ്ഞുവെക്കരുത് എന്നതാണ് ശ്രദ്ധിക്കേണ്ടത്.

ഒരു ഭാര്യ സഭയിൽ ആരാധനക്ക് പോകുന്നതിനെ വിലക്കിയ ഒരു അവിശ്വാസിയായിരുന്ന ഭർത്താവിനെ എനിക്ക് അറിയാം. പലപ്പോഴും അവളെ അയാൾ അപമാനിക്കയും, ഉപദ്രവിക്കയും ചെയ്തിട്ടുണ്ട്. പക്ഷെ അവൾ അതെല്ലാം സഹിച്ചു ഭർത്താവിനെ സ്നേഹിക്കുകയും കരുതുകയും, സമയാസമയങ്ങളിൽ ഭർത്താവിനെ ഏതെല്ലാം വിധത്തിൽ ശുശ്രൂഷിക്കാമോ അതെല്ലാം മുടക്കം കൂടാതെ ചെയ്തുവന്നു. അവസാനം അയാൾ അവളെ ആരാധനക്ക് പോകുവാൻ തടസപ്പെടുത്താതിരുന്നു. അവളറിയാതെ അവളുടെ ബൈബിളിൽ അടയാളപ്പെടുത്തിയിരുന്ന വേദഭാഗങ്ങൾ ഓരോന്നായി വായിക്കുവാൻ തുടങ്ങി. അങ്ങനെ അയാൾ ആദ്യം അവളെയും മക്കളെയും ആരാധനക്ക് കൊണ്ടുചെന്നാക്കുകയും തുടർന്നു അയാളും ആരാധനക്കു പങ്കെടുക്കുകയും, വചനം അനുസരിക്കുകയും, വചനം ശരിക്ക് പഠിച്ച് അയാൾ ഒരു ഉപദേഷ്ടാവായി തീരുകയും ചെയ്തു.

ഒരു ഭാര്യക്കായാലും ഭർത്താവിനായാലും നല്ല ഒരു മനോഭാവം ആവശ്യമാണ്. ഭാര്യമാരുടെ പെരുമാറ്റത്തെ ഭർത്താവ് നിരീക്ഷിക്കും. ഭാര്യ എവിടെയെല്ലാം പോകുന്നു? പറയുന്നതുപോലെയാണോ ചെയ്യുന്നത്? അതോ ഭർത്താവിൽനിന്നും അവൾ എന്തെങ്കിലും മറച്ചുവെക്കുന്നുണ്ടോ? ഇതെല്ലാം ആരായുന്നത് തന്റെ ഭാര്യ തികവുള്ളവളാണോ എന്നറിയുവാനാണ്. അവ പരിശോധിക്കുന്നത് തെറ്റല്ല. സത്യസന്ധയായ ഒരു ഭാര്യ ഭർത്താവിനോട് കാര്യങ്ങൾ തുറന്നു സംസാരിക്കും. ഭാര്യ ഭർത്താവിനെ ബഹുമാനിക്കണം. ആ ബഹുമാനത്തിൽ അനുസരണമാണ് അടങ്ങിയിരിക്കുന്നത്. ദൈവത്തെ അനുസരിക്കുന്നത് സ്വയം തീരുമാനിച്ചിട്ടായിരിക്കണം. ഭാര്യമാർ തങ്ങളുടെ സ്വന്ത ഭർത്താക്കന്മാരോട് കടപ്പെട്ടിരിക്കുന്നത് ചെയ്യണം. ആ കടപ്പാടുകളിൽ പെടുന്ന കാര്യമാണ് അപ്പൊസ്തലനായ പത്രൊസ് നിർദ്ദേശിച്ചത്.

നമ്മുടെ ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സ്വയമായി വരുത്തിയാൽ നമ്മെ അലട്ടുവാനിടയുള്ള പല പ്രശ്നങ്ങളിൽനിന്നും നമുക്ക് മോചനമുണ്ടാകും. നമ്മുടെ വീട്ടിലുള്ള ഒരാൾ അവിശ്വാസിയാണെങ്കിൽ ആ വ്യക്തിയെ നേടുവാൻ ഓരോ വിശ്വാസിയും ആത്മാർത്ഥമായി പരിശ്രമിക്കണം. അവനവന്റെ ജീവിതം അച്ചടക്കത്തിൽ നയിക്കുവാനും കഴിയണം. നമ്മുടെ ക്രിയാത്മക മനോഭാവം കണ്ട് ഒരാൾക്ക് ക്രിസ്തുവിനെ പിൻപറ്റുവാൻ കഴിയും. സൗമ്യനായ യേശുവിന്റെ ആത്മാവ് വസിക്കുന്ന ഒരു ക്രിസ്ത്യാനി വെളിച്ചത്തിൽ നടക്കുന്നതു കാണുന്ന ഒരു അക്രൈസ്തവൻ പ്രകാശത്തിലേക്ക് വരുവാൻ ശ്രമിക്കും. ഒരു ക്രിസ്ത്യാനി ആരെയും വ്രണപ്പെടുത്താതെയിരിക്കണം. അതേസമയം ആത്മാവിനെ കുറിച്ച് കരുതലുണ്ടാകുകയും വേണം. കണ്ണിന്റെ ശോഭ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; നല്ല വർത്തമാനം അസ്ഥികളെ തണുപ്പിക്കുന്നു(സദൃശവാക്യങ്ങൾ 15:30). നല്ല ജീവിതം നയിക്കുവാൻ നമുക്ക് ദൈവസഹായം ആവശ്യമാണ്. യാക്കൊബ് പറയുന്നത്, “ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമ്മലതയും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു. എന്നാൽ സമാധാനമുണ്ടാക്കുന്നവർ സമാധാനത്തിൽ വിതെച്ചു നീതി കൊയ്യും.”

സ്ത്രീയായാലും പുരുഷനായാലും ക്രിസ്തുവിലായാൽ അയാൾ പുതിയ സൃഷ്ടിയായി തീർന്നു.അതായത് ജഡികമനുഷ്യനായിരുന്ന അവസ്ഥയിൽനിന്ന് ആത്മിയ മനഷ്യനായി തീർന്നു. അപ്പോൾ ജഡത്തിന്റെ ഇഛകളെ ഉപേക്ഷിക്കണം. പഴയനിയമത്തെ യേശു ക്രൂശിൽ തറെച്ചു നീക്കം ചെയ്തതുപോലെ നമ്മുടെ പഴയ മനുഷ്യനെ അതിന്റെ രാഗമോഹങ്ങളോടുകുടി നാം ത്യജിക്കണം. യഥാർത്ഥ ക്രിസ്ത്യാനി തന്റെ നടപ്പ് കാണിക്കേണ്ടത് സൗമ്യതയോടെയുള്ള നല്ല സ്വഭാവത്താലായിരിക്കണം. ഈർഷ്യയോ ശാഠ്യമോ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ അനുവദിക്കരുത്. ദൈവഭക്തിയുള്ള ഒരു സ്ത്രീ തന്റെ ജീവിതത്തിൽ മുൻഗണന സൂക്ഷിക്കും. ദൈവത്തിനായിരിക്കും പ്രഥമസ്ഥാനം കൊടുക്കുക. അവളുടെ ജീവിതത്തിൽ ദൈവത്തെ കഴിഞ്ഞിട്ടേ മറ്റെന്തിനും സ്ഥാനമുള്ളു. അവൾ തന്റെ ഭർത്താവിനു വേണ്ടി ഭൗതികമായ സകലത്തിലും വിട്ടുവീഴ്ച്ച ചെയ്യും. അടുക്കും ചിട്ടയുമുള്ള വിശ്വസ്തമായ അവളുടെ ജീവിതം ഭർത്താവിനു സ്വീകാര്യമാകും.

ഒരു ക്രിസ്ത്യാനിയെ ദൈവം വിളിച്ചുവേർതിരിച്ചിരിക്കുന്നതിന്റെ ഉദ്ദേശം നാം മറന്നുപോകരുത്. നാം ദൈവശക്തി പ്രദർശിപ്പിക്കുകയും ദൈവനാമം സർവ്വമനുഷ്യരിലും പ്രസ്താവിക്കപ്പെടുകയും വേണം. ഒരു നല്ല ഭാര്യ ആ കുടുംബത്തിന്റെ ശ്രേയസായിരിക്കും. അവൾ ഭർത്താവിന്ന് ഒരു വിളക്കായിരിക്കും. ഭർത്താവിനെ കുറിച്ചും മക്കളെ കുറിച്ചും കരുതുന്ന കുടുംബനാഥ ആത്മിയ സ്വഭാവം ഒരിക്കലും കൈവിടരുത്. അന്യോന്യമുള്ള ബന്ധത്തിൽ വിള്ളൽ വീഴാതെ നോക്കണം. ഒരിക്കൽ വിശ്വാസം നഷ്ടപ്പെടുകയോ ബന്ധത്തിൽ വിള്ളൽ വീഴുകയോ ചെയ്താൽ അത് യഥാസ്ഥാനമാക്കുവാൻ വളരെ വിഷമമായിരിക്കും.

ക്രിസ്തുവിനോടുള്ള സത്യസന്ധതയാണ് ഒരു ക്രിസ്തീയ ഭാര്യ തന്റെ ജീവിതത്തിലുടനീളം സൂക്ഷിക്കേണ്ടത്(വെളിപ്പാട് 2;10). ഒരു ഭാര്യ ഭർത്താവിനെ ഭയപ്പെടേണം എന്നു പറഞ്ഞിരിക്കുന്നത് ലോകപ്രകാരമുള്ള ഭയത്തെയല്ല കാണിക്കുന്നത്. പിന്നെയോ ബഹുമാനത്തെയാണ്. നല്ല മാതൃകയുള്ള ജീവിതത്താൽ ഏതൊരു ഭർത്താവിനെയും ഒരു ക്രിസ്തീയ ഭാര്യക്ക് നേടുവാൻ കഴിയും എന്നത് തർക്കമറ്റ കാര്യമാണ്. പക്ഷ തെറ്റായ രീതിയിൽ ശ്രമിച്ചാൽ പരാജയപ്പെടും. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന സ്വാഭാവത്താലും നല്ല നടപ്പിനാലും ഒരു വ്യക്തിയെ ക്രിസ്തുവിലേക്ക് ആദായപ്പെടുത്തുവാൻ നമുക്ക് കഴിയണം എന്നു നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

# ദൈവത്തിനു എന്തു ചെയ്യുവാൻ കഴിയും?

**ഡേവിഡ് തർമാൻ**

ഒരു യുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ, അത് ലോകമെങ്ങും വ്യാപിക്കുകയാണെങ്കിൽ മനുഷ്യരെന്തു ചെയ്യും? അത്തരം ആകസ്മിക വിപത്തുകൾ നേരിടുമ്പോൾ ദൈവം എന്തു ചെയ്യും? ലോകത്തുള്ള മനുഷ്യർക്ക് സമാധാനം നൽകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പക്ഷെ ചിലപ്പോൾ രാജ്യങ്ങൾ തമ്മിൽ പല കാരണങ്ങൾ കൊണ്ട് യുദ്ധത്തിൽ ഏർപ്പെട്ട ചരിത്രം ധാരാളം ഉണ്ട്. ഇനിയും അങ്ങനെ സംഭവിച്ചുകൂടെന്നില്ല, ആ സമയത്ത് മനുഷ്യരെല്ലാവരും പരിഭ്രാന്തിയിലും. നിരാശയിലുമാകും. ആ സമയത്ത് നാം മറക്കുന്ന ഒരു കാര്യമുണ്ട്. ദൈവത്തിന് ഈ സാഹചര്യത്തിൽ എന്തു ചെയ്യുവാൻ കഴിയും എന്നതാണ് അത്. ദൈവപദ്ധതിയിൽ അവൻ മനഷ്യരെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നത് വളരെ ആശ്വാസം ജനിപ്പിക്കുന്നതാണ്. അതിൽ നിങ്ങൾക്കും എനിക്കും ഒരു പങ്കു വഹിക്കുവാനുണ്ട്.

അപ്പൊസ്തലനായ പൗലൊസ് തന്റെ ജീവിതത്തിലെ ദൈവത്തിന്റെ ഉദ്ദേശത്തെ മിക്കപ്പോഴും ഓർപ്പിച്ചിട്ടുണ്ട്. "ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറു എന്നു എണ്ണുന്നു. ലഭിച്ചുകഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല, ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നു വെച്ച് പിന്തുടരുന്നതേയുള്ളു. സഹോദരന്മാരേ ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു, പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു"(ഫിലിപ്പിയർ 3:12-14).

ദൈവം തന്റെ ദാസന്മാരെ കരുതും. അപ്പൊസ്തലന്മാരും മറ്റു അനുയായികളും യേശു മരിക്കുന്നതു കണ്ടു.അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ ശേഷവും അവർ അവനെ കണ്ടു. അപ്പോഴും അവന്റെ പദ്ധതി അവർക്ക് പൂർണ്ണമായി മനസിലാക്കുവാൻ കഴിഞ്ഞില്ല. അവൻ അവരോട് സ്വർഗാരോഹണത്തിനു മുൻപ് യെരുശലേമിൽ കാത്തിരിക്കുവാൻ പറഞ്ഞിരുന്നു(പ്രവൃത്തികൾ 1:4). അവർക്ക് സുവിശേഷം അറിയിക്കുവാനുള്ള ദൗത്യം നൽകിയിരുന്നു. പക്ഷെ അവർ അതിനു തുടക്കം കുറിക്കുവാൻ അനുവാദത്തിനായി കാത്തിരിക്കണമായിരുന്നു.(ശേഷം പേജ് 29 നോക്കുക).

**Watch!**

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

പെന്തെകൊസ്തുനാൾ വന്നപ്പോൾ അവരെല്ലാവരും ഒന്നിച്ചുകൂടിയിരുന്നപ്പോൾ പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ പരിശുദ്ധാത്മാവ് ശക്തിയോടെ അപ്പൊസ്തലന്മാരിൽ വരികയും അവർ അന്യ ഭാഷകളിൽ സംസാരിക്കുകയും ചെയ്തു. അത്ഭുതകരമായി ദൈവത്തിന്റെ അരുളപ്പാട് അവിടെ കൂടിവന്നവരോട് അപ്പൊസ്തലന്മാർ സംസാരിക്കുകയും അന്നു മൂവായിരം പേർ രക്ഷിക്കപ്പെട്ട് കർത്താവിന്റെ സഭയോടു ചേർക്കപ്പെടുകയും ചെയ്തു(പ്രവൃത്തികൾ 2:1-11). നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണെന്ന് യേശുവിനെ ഏറ്റു പറഞ്ഞ പത്രൊസ് അവനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു, യേശു അവനെ നോക്കി അവന് ദുഃഖവും മാനസാന്തരവുമുണ്ടായി. യേശുവിന്റെ ഉയർത്തെഴുന്നേൽപിനു ശേഷം അപ്പൊസ്തലന്മാരുടെ വിശ്വാസത്തിനും ജീവിതത്തിനും മാറ്റമുണ്ടായി. ദൈവത്തിനു മനുഷ്യരെ മാറ്റുവാൻ കഴിയും.

തന്റെ രാജ്യസ്ഥാപനത്തിനു വന്ന യേശുവിനെ സ്വന്തജനം തള്ളിക്കളഞ്ഞുവെങ്കിലും തന്റെ ദൗത്യത്തിൽനിന്ന് അവൻ പിന്തിരിഞ്ഞില്ല. അവൻ തന്റെ സഭയെ പണിതു. എന്നിട്ട് പറഞ്ഞു, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. ദൈവരാജ്യമാകുന്ന അവന്റെ സഭയെ നശിപ്പിക്കുവാൻ ഒരു ശക്തിക്കും കഴിയുകയില്ല. സഭ എന്നേക്കും നിലനിൽക്കും. ഒരു ശത്രുവിനും ദൈവത്തെ ഭീഷണിപ്പെടുത്തുവാൻ സാധ്യമല്ല. മശിഹയായി വന്ന മനുഷ്യപുത്രനെ അന്നത്തെ യെഹൂദ മതാദ്ധ്യക്ഷന്മാർ ഉപദ്രവിക്കയും മരണത്തിനു ഏൽപിക്കുകയും ചെയ്തു. എന്നാൽ അവരെ ലജ്ജിപ്പിച്ച് അവൻ വീണ്ടും ജീവിക്കുന്നവനായി ജനമദ്ധ്യേ കാണപ്പെട്ടു.

ദൈവശക്തിക്ക് ഇന്നും കുറവു വന്നിട്ടില്ല. അവൻ സർവ്വശക്തിയുള്ള ദൈവമാണ്. മനുഷ്യജീവിതത്തിൽ എപ്പോഴും ജയിക്കുന്നത് ദൈവമാണ്. ശൗൽ ക്രിസ്ത്യാനികളെ ഉപദ്രവിക്കുകയും മുടിക്കുകയും ചെയ്തുവന്നു. പക്ഷെ കർത്താവ് അവനെ പിടിച്ചു. അപ്പോൾ അവൻ പരിവർത്തനം ചെയ്യപ്പെട്ടു. പിന്നീട് അറിയപ്പെടുന്ന അപ്പൊസ്തലനായി തീർന്നു. നാം സർവ്വശക്തനായ ദൈവത്തിലേക്ക് ചായണം. അവനിൽ ആശ്രയിക്കുകയും അവന്റെ കൽപനകൾ അനുസരിക്കുകയും ചെയ്യണം.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!